"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സ്റ്റേറ്റ് ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് കമ്മിറ്റി-അനൗദ്യോഗിക അംഗങ്ങൾക്ക് ഓണറേറിയം നിശ്ചയിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1213/2026/LSGD തീയതി,തിരുവനന്തപുരം, 01-07-2026

---

പരാമർശം:-

1. G.O(Ms.) No.76/2024/LSGD, തീയതി 25/06/2024.
2. സംസ്ഥാന നഗരഗ്രാമാസൂത്രണ കമ്മിറ്റിയുടെ 11/03/2025 തീയതിയിലെ ആദ്യ യോഗത്തിന്റെ മിനിട്ട്സ്.
3. ചീഫ് ടൗൺ പ്ലാനർ & ജോയിന്റ് സെക്രട്ടറി, സ്റ്റേറ്റ് ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് കമ്മിറ്റിയുടെ 21/06/2025, 26/10/2025 എന്നീ തീയതികളിലെ LSGD/PD/29573/2024-TCPB2(6) നമ്പർ കത്ത്.

**ഉത്തരവ്**

2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്ടിന്റെ 3-ാം വകുപ്പ് പ്രകാരം സംസ്ഥാന നഗരഗ്രാമാസൂത്രണ കമ്മിറ്റി രൂപീകരിച്ച് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ ആദ്യ യോഗത്തിൽ, കമ്മിറ്റിയുടെ അനൗദ്യോഗിക അംഗങ്ങൾക്കുള്ള ഓണറേറിയം ഗവൺമെന്റ് നടപടിക്രമങ്ങൾക്കനുസൃതമായി പ്രോസസ്സ് ചെയ്യുന്നതിന് തീരുമാനിച്ചിരുന്നു. അതിൻ പ്രകാരം, സംസ്ഥാന നഗരഗ്രാമാസൂത്രണ കമ്മിറ്റിയിലെ അനൗദ്യോഗിക അംഗങ്ങൾക്ക് അർഹമായ ഓണറേറിയം നിശ്ചയിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന്, ടി അംഗങ്ങളുടെ ചുമതലകൾ വ്യക്തമാക്കി ചീഫ് ടൗൺ പ്ലാനർ & ജോയിന്റ് സെക്രട്ടറി, സംസ്ഥാന നഗരഗ്രാമാസൂത്രണ കമ്മിറ്റി, പരാമർശം (3) പ്രകാരം സർക്കാരിൽ ശിപാർശ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന നഗരഗ്രാമാസൂത്രണ കമ്മിറ്റിയിലെ അനൗദ്യോഗിക അംഗങ്ങൾക്ക് ഓരോ യോഗത്തിനും സിറ്റിംഗ് ഫീസായി **₹4,000/- രൂപയും (നാലായിരം രൂപ മാത്രം)**, യാത്രാപ്പടിയും എന്ന നിരക്കിൽ ഓണറേറിയം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ചീഫ് ടൗൺ പ്ലാനർ & ജോയിന്റ് സെക്രട്ടറി, സംസ്ഥാന നഗരഗ്രാമാസൂത്രണ കമ്മിറ്റി ഇത് സംബന്ധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ S
ഡെപ്യൂട്ടി സെക്രട്ടറി

ചീഫ് ടൗൺ പ്ലാനർ & ജോയിന്റ് സെക്രട്ടറി, സംസ്ഥാന നഗരഗ്രാമാസൂത്രണ കമ്മിറ്റി, തദ്ദേശ സ്വയംഭരണ വകുപ്പ്.

ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്), തദ്ദേശ സ്വയംഭരണ വകുപ്പ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.

ധനകാര്യ (ഡെവലപ്മെന്റ്) വകുപ്പ് (e-3256712/Dev-4/222/2025-FIN)

വിവര പൊതുജനസമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Krishnakumar S
Date: 03-07-2026 11:39:18

സെക്ഷൻ ഓഫീസർ